ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 16.03.2025** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. റൈസീന സംഭാഷണത്തിൻറെ പത്താം പതിപ്പിന് നാളെ തുടക്കമാകും. പ്രധാനമന്ത്രി നരേന്ദ്രമോദിയും, ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണും സംയുക്തമായി ഉദ്ഘാടനം ചെയ്യും.

   **The 10th edition of the Raisina Dialogue will begin tomorrow. PM Narendra Modi and New Zealand PM Christopher Luxon will jointly inaugurate the programme.**

2. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച് അസമിൽ നടക്കുന്ന അവലോകന യോഗത്തിൽ കേന്ദ്രമന്ത്രി അമിത് ഷാ പങ്കെടുക്കും.

   **Union Minister Amit Shah will attend the review meeting in Assam on the implementation of new criminal laws in the North Eastern states.**

3. സ്പേസ് എക്സിൻറെ Crew-10 ദൗത്യം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ വിജയകരമായി ഡോക്ക് ചെയ്തു. സുനിത വില്യംസിനെയും ബുച്ച് വിൽമോറിനെയും തിരിച്ചെത്തിക്കാൻ ദൗത്യം വഴിയൊരുക്കും.

   **SpaceX's Crew-10 mission successfully docks with the International Space Station; The mission will pave the way for the return of Sunita Williams and Butch Wilmore.**

4. കേരളത്തിൽ ലഹരി മാഫിയയെ നിയന്ത്രിക്കുന്നതിൽ പൊലീസും എക്സൈസും മികച്ച രീതിയിൽ പ്രവർത്തിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ.

   **Police and Excise in the state are working well in controlling the drug mafia in Kerala says CM Pinarayi Vijayan.**

5. ഇന്ന് ദേശീയ പ്രതിരോധ കുത്തിവയ്പ്പ് ദിനം. രാജ്യത്തെ ഓരോ കുട്ടിയെയും സംരക്ഷിക്കുന്നതിൽ പ്രതിരോധ കുത്തിവയ്പ്പ് സുപ്രധാനചാലകമെന്ന് ആരോഗ്യ മന്ത്രാലയം.

**Today is National Immunization Day. The Health Ministry says that immunization is a key driver to achieve the goal of protecting every child of the nation.**

6. പ്രഥമ ഫിറ്റ് ഇന്ത്യ കാർണിവലിന് ഇന്ന് ന്യൂഡൽഹിയിൽ കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ തുടക്കം കുറിക്കും.

**Union Minister Dr. Mansukh Mandaviya to inaugurate Fit India Carnival in New Delhi today.**

**&&&&&&&&&&&&&&&&**

## HEADLINE – 1
## PM - RAISINA DIALOGUE

ഈ വർഷത്തെ റൈസീന സംഭാഷണത്തിന് നാളെ തുടക്കമാകും. പ്രധാനമന്ത്രി നരേന്ദ്രമോദി, ന്യൂസീലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്യും. നാളെ മുതൽ ബുധനാഴ്ച്ച വരെയാണ് റൈസീന സംഭാഷണത്തിന്റെ പത്താം പതിപ്പ് നടക്കുക. ഭൗമരാഷ്ട്രീയം, ആഗോള സാമ്പത്തികരംഗം എന്നീ മേഖലകളിലെ നിരവധി സുപ്രധാന വിഷയങ്ങൾ ചർച്ചയാകും. കേന്ദ്ര വിദേശകാര്യമന്ത്രാലയം, ഒബ്സർവർ റിസർച്ച് ഫൗണ്ടേഷൻ എന്നിവർ സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

**&&&&&&&&&&&&&&&&**

## NEWZELAND PM - INDIA

അഞ്ച് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സൺ ഇന്ന്

ഉച്ചയ്ക്ക് ന്യൂഡൽഹിയിൽ എത്തും. മന്ത്രിമാർ, മുതിർന്ന ഉദ്യോഗസ്ഥർ, ബിസിനസുകാർ, എന്നിവരുൾപ്പെടെ ഉന്നതതല പ്രതിനിധി സംഘം അദ്ദേഹത്തെ അനുഗമിക്കും. ഇന്ത്യ-ന്യൂസിലൻഡ് ബന്ധങ്ങളുടെ വിവിധ വശങ്ങൾ ഉൾപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂസിലൻഡ് പ്രധാനമന്ത്രിയുമായി ചർച്ച നടത്തുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. നാളെ രാഷ്ട്രപതി ദ്രൗപദി മുർമുവിനെയും അദ്ദേഹം സന്ദർശിക്കും. തുടർ ദിവസങ്ങളിൽ പ്രധാനമന്ത്രി ലക്സൺ മുംബൈ സന്ദർശിക്കും, അവിടെ ബിസിനസ്സ് നേതൃത്വവുമായി അദ്ദേഹം ആശയവിനിമയം നടത്തും.

**&&&&&&&&&&&&&&&&**

## PM PODCAST

പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി പ്രശസ്ത പോഡ്കാസ്റ്റർ ലെക്സ് ഫ്രിഡ് മാൻ നടത്തിയ അഭിമുഖം ഇന്ന് സംപ്രേഷണം ചെയ്യും. ഇന്ത്യൻ സമയം വൈകിട്ട് 05.30-നാണ് പോഡ്കാസ്റ്റ് പബ്ലിഷ് ചെയ്യുക. പോഡ്കാസ്റ്ററും നിർമിതബുദ്ധി ഗവേഷകനുമായ ഫ്രിഡ്മാനുമായി മികച്ച സംഭാഷണം നടന്നതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. പോഡ്കാസ്റ്റ് കേൾക്കാൻ അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു. പ്രധാനമന്ത്രി ശ്രീ. മോദിയുമായി മൂന്ന് മണിക്കൂർ നീണ്ടുനിന്ന പോഡ്കാസ്റ്റ് സംഭാഷണം നടത്തിയതായി ഫ്രിഡ്മാൻ വ്യക്തമാക്കി.

**&&&&&&&&&&&&&&&&**

## VAISHNAW-HYPERLOOP

ചെന്നൈ ഐ ഐ ടി യിലെ 410 മീറ്റർ നീളമുള്ള 'ഹൈപ്പർലൂപ് ടെസ്റ്റ് ട്യൂബ്' ഏഷ്യയിലെ ഏറ്റവും

ദൈർഘ്യമുള്ള ഹൈപ്പർലൂപ് പരീക്ഷണ സംവിധാനമാണെന്ന് കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ്. വൈകാതെ തന്നെ ഇത് ലോകത്തിലെ ഏറ്റവും നീളമേറിയത് ആകുമെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ വ്യക്തമാക്കി. ഇന്നലെ ഐ ഐ ടി മദ്രാസിലെ ഹൈപ്പർലൂപ് പരീക്ഷണകേന്ദ്രം മന്ത്രി സന്ദർശിച്ചിരുന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി, നൂതന ആശയ വികസനത്തിന് ഏറെ പ്രാധാന്യം നൽകുന്നതായും, പ്രോജെക്ടിന് ആവശ്യമായ ധനസഹായം റെയിൽവേ ലഭ്യമാക്കിയതായും അദ്ദേഹം വ്യക്തമാക്കി.

**&&&&&&&&&&&&&&&&**

# HEADLINE – 2

## AMIT SHAH - ASSAM

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് അസമിൽ ബോഡോ സ്റ്റുഡന്റ്സ് യൂണിയന്റെ വാർഷിക സമ്മേളനത്തെ അഭിസംബോധന ചെയ്യും. ഉച്ച തിരിഞ്ഞ് കൊഖ്റജാർ ജില്ലയിലാണ് പരിപാടി. തുടർന്ന് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ പുതിയ ക്രിമിനൽ നിയമങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച അവലോകന യോഗത്തിലും അദ്ദേഹം പങ്കെടുക്കും. ഗുവാഹത്തിയിൽ നടക്കുന്ന യോഗത്തിൽ, എട്ട് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ പങ്കെടുക്കും.

**&&&&&&&&&&&&&&&&**

# HEADLINE – 3

## SPACE-X - CREW 10 MISSION - INTRO

സ്പേസ് എക്സിന്റെ Crew-10 ദൗത്യം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ വിജയകരമായി ഡോക്ക്

ചെയ്യു. യു എസ് ബഹിരാകാശ ഏജൻസിയായ നാസ, ജപ്പാൻ ബഹിരാകാശ ഏജൻസി, റോസ്കോസ്മോസ് എന്നിവയിൽ നിന്നുള്ള നാല് സഞ്ചാരികൾ ദൗത്യത്തിന്റെ ഭാഗമായി നിലയത്തിൽ എത്തി. വെള്ളിയാഴ്ച്ച ടെക്സാസിൽ നിന്ന് വിക്ഷേപിച്ച സ്പേസ് എക്സ് ഡ്രാഗൺ പേടകം ഇന്ന് ഇന്ത്യൻ സമയം രാവിലെ 9:35 ന് ആണ് അന്താരാഷ്ട്ര നിലയത്തിൽ ഡോക്ക് ചെയ്തത്.

(ഹോൾഡ് വോയിസ് - **SPACE X**)

കഴിഞ്ഞ 9 മാസമായി ബഹിരാകാശ നിലയത്തിൽ കുടുങ്ങിക്കിടക്കുന്ന സുനിത വില്യംസ്, ബുച്ച് വിൽമോർ എന്നിവരെ തിരികെ എത്തിക്കാൻ ഇതോടെ സാധ്യത തെളിഞ്ഞു. ഇവർക്ക് ബുധനാഴ്ച്ചയോടെ ഭൂമിയിലേക്ക് മടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഹോൾഡ് വോയിസ് - **SUNITA WILLIAMS**)

**&&&&&&&&&&&&&&&&**

## EC EPIC

വോട്ടർ ഐഡിയും ആധാറും തമ്മിൽ ബന്ധിപ്പിക്കുന്നത് ചർച്ച ചെയ്യാൻ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പ്രത്യേക യോഗം വിളിച്ചു. മറ്റന്നാൾ നടക്കുന്ന യോഗത്തിൽ ആഭ്യന്തര സെക്രട്ടറി, നിയമ വകുപ്പ് സെക്രട്ടറി, UIDAI സിഇഒ തുടങ്ങിയവർ പങ്കെടുക്കും. തെരഞ്ഞെടുപ്പ് പ്രക്രിയ മെച്ചപ്പെടുത്തുന്നതിന് രാഷ്ട്രീയ പാർട്ടികൾക്ക് അടുത്ത മാസം 30-നകം നിർദ്ദേശങ്ങൾ സമർപ്പിക്കാമെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

**&&&&&&&&&&&&&&&&**

## HEADLINE – 4
## KERALA CM - PASSING OUT PARADE

കേരളത്തിൽ ലഹരി മാഫിയയെ നിയന്ത്രിക്കുന്നതിൽ പൊലീസും എക്സൈസും മികച്ച രീതിയിൽ പ്രവർത്തിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. തൃശൂർ പൊലീസ് അക്കാദമിയിൽ 31 B ബാച്ച് സബ് ഇൻസ്പെക്ടർമാരുടെ പാസിങ് ഔട്ട് പരേഡിനെ അഭിസംബോധന ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ലഹരിയ്ക്ക് അടിമപ്പെടുന്ന വ്യക്തിയെ അതിൽ നിന്ന് മുക്തമാക്കുക എന്നത് പൊലീസിൻറെയും പൊതുസമൂഹത്തിൻറെയും കടമയാണെന്നും ശ്രീ പിണറായി വിജയൻ പറഞ്ഞു. സൈബർ കുറ്റകൃത്യം നിയന്ത്രിക്കുന്നതിൽ കേരള പൊലീസ് രാജ്യത്തിൻറെ പ്രശംസ നേടിയിട്ടുള്ളതായും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

**&&&&&&&&&&&&&&&&**

## WEATHER-KERALA

കേരളത്തിൽ ചൂട് ഉയരുന്ന സാഹചര്യത്തിൽ വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശൂർ, പാലക്കാട്, കണ്ണൂർ ജില്ലകളിൽ താപനില മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്. അതെസമയം, ചിലയിടങ്ങളിൽ ഇന്നും നാളെയും ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്.

**&&&&&&&&&&&&&&&&**

## WB - HEATWAVE

പശ്ചിമ ബംഗാളിൽ ഇന്നും നാളെയും ഉഷ്ണ തരംഗ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഝാർഖണ്ഡ്, ഛത്തീസ്ഗഡ്, വിദർഭ, തെലങ്കാന, കർണാടക എന്നിവിടങ്ങളിലെ ഒറ്റപ്പെട്ടയിടങ്ങളിലും ഉഷ്ണതരംഗ സാധ്യതയെന്ന് മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&

## HEADLINE – 5
## NATIONAL VACCINATION DAY

ഇന്ന് ദേശീയ പ്രതിരോധ കുത്തിവയ്പ്പ് ദിനം. രോഗപ്രതിരോധത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനാണ് എല്ലാ വർഷവും മാർച്ച് 16 ന് ഈ ദിനം ആഘോഷിക്കുന്നത്. രാജ്യത്തെ ഓരോ കുട്ടിയെയും സംരക്ഷിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് പ്രതിരോധ കുത്തിവയ്പ്പ് സുപ്രധാന ചാലകമാണെന്ന് ആരോഗ്യ മന്ത്രാലയം സമൂഹമാധ്യമത്തിൽ കുറിച്ചു. സമ്പൂർണ്ണ രോഗപ്രതിരോധശേഷി വേഗത്തിൽ വർദ്ധിപ്പിക്കുന്നതിനായാണ് കേന്ദ്ര സർക്കാർ 2014 ൽ മിഷൻ ഇന്ദ്രധനുഷ് ആരംഭിച്ചത്.

&&&&&&&&&&&&&&&&&

## HEADLINE – 6
## MANDAVIYA FIT INDIA CARNIVAL

പ്രഥമ ഫിറ്റ് ഇന്ത്യ കാർണിവലിന് ഇന്ന് ന്യൂഡൽഹിയിലെ JLN സ്റ്റേഡിയത്തിൽ തുടക്കമാവും. കേന്ദ്ര യുവജനകാര്യ-കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ കാർണിവൽ

ഉദ്ഘാടനം ചെയ്യും. കേന്ദ്ര സഹമന്ത്രി രക്ഷ ഖഡ്സെയും ചടങ്ങിൽ പങ്കെടുക്കും. ആരോഗ്യമുള്ള, അമിതവണ്ണമില്ലാത്ത ഒരു രാഷ്ട്രം എന്ന ഫിറ്റ് ഇന്ത്യ പ്രസ്ഥാനത്തിന്റെ ദർശനത്തിന് അനുസൃതമായി ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുക എന്നതാണ് മൂന്ന് ദിവസത്തെ ഫെസ്റ്റിവലിൻറെ ലക്ഷ്യം.

&&&&&&&&&&&&&&&&

## MANDAVYA- CYCLING - INTRO

ഗുജറാത്തിലെ അഹമ്മദാബാദ് സബർമതി നദീതീരത്ത് നടന്ന ഫിറ്റ് ഇന്ത്യ സൺഡേയ്സ് ഓൺ സൈക്കിൾ പരിപാടിയിൽ കേന്ദ്രമന്ത്രി മന്സൂഖ് മാണ്ഡവ്യ പങ്കെടുത്തു. സൈക്കിൾ സവാരിയിലൂടെ ആരോഗ്യകരമായ ജീവിത രീതി പ്രോത്സാഹിപ്പിക്കുക, അമിതവണ്ണം നേരിടുക എന്ന ലക്ഷ്യത്തോടെയാണ് ഞായറാഴ്ചകളിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പരിപാടി സംഘടിപ്പിച്ച് വരുന്നത്. അമിതവണ്ണത്തിനെതിരെയുള്ള പൊതുജന അവബോധം സൃഷ്ടിക്കുന്നതിന് സൈക്കിളിംഗ് സഹായിക്കുമെന്ന് കേന്ദ്രമന്ത്രി ചൂണ്ടിക്കാട്ടി.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&

## ISL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ ഫൈനൽ മത്സരം ഏപ്രിൽ 12 ന് നടക്കും. വേദി പിന്നീട് തീരുമാനിക്കും. ഈ മാസം 29 ന് നടക്കുന്ന ആദ്യ പ്ലേ ഓഫിൽ മുംബൈ സിറ്റി എഫ് സി - ബംഗളൂരു എഫ് സിയുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&&

## CRICKET - WPL

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് കിരീടം മുംബൈ ഇന്ത്യൻസിന്. മുംബൈയിലെ ബ്രാബോൺ സ്റ്റേഡിയത്തിൽ ഇന്നലെ നടന്ന ഫൈനലിൽ, ഡൽഹി ക്യാപിറ്റൽസിനെ 8 റൺസിന് തകർത്താണ് മുംബൈ ഇന്ത്യൻസ് രണ്ടാം കിരീടം സ്വന്തമാക്കിയത്.

**&&&&&&&&&&&&&&&&**

## HOCKEY INDIA AWARDS

പ്രസാർ ഭാരതിക്ക് ഹോക്കി ഇന്ത്യ ജമൻ ലാൽ ശർമ്മ അവാർഡ്. ന്യൂഡൽഹിയിൽ നടന്ന ഹോക്കി ഇന്ത്യ ഏഴാമത് വാർഷിക പരിപാടിയിലാണ് അവാർഡ് നൽകിയത്. രാജ്യത്തുടനീളം ഹോക്കി പ്രോത്സാഹിപ്പിക്കുന്നതിലും പ്രക്ഷേപണം ചെയ്യുന്നതിലും പ്രസാർ ഭാരതിയുടെ ശ്രമങ്ങൾക്കാണ് അവാർഡ് നൽകിയത്.

**&&&&&&&&&&&&&&&&**

## RAMAKANTA RATH - PASSED AWAY

പ്രശസ്ത ഒഡിയ കവി പത്മഭൂഷൺ രാമകാന്ത രഥ് അന്തരിച്ചു. 91 വയസായിരുന്നു. ഭുവനേശ്വറിൽ വാർധക്യ സഹജമായ അസുഖങ്ങളെ തുടർന്നായിരുന്നു അന്ത്യം. 1957 ബാച്ച് ഐഎഎസ് ഉദ്യോഗസ്ഥനായ രാമകാന്ത രഥ് ഒഡീഷയുടെ ചീഫ് സെക്രട്ടറിയായും സേവനമനുഷ്ഠിച്ചു. 'ശ്രീ രാധ' ഏറെ ചർച്ച ചെയ്യപ്പെട്ട കവിതാ സമാഹാരമാണ്. 2006 ൽ പത്മഭൂഷൺ നൽകി രാജ്യം ആദരിച്ചു.

**&&&&&&&&&&&&&&&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&&&&&&&&&&&**

**&&&&&&&&&&&&&&&**